©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2015 ഫെബ്രുവരി 25<br>25th February 2015<br>1190 കുംഭം 13<br>13th Kumbham 1190<br>1936 ഫാൽഗുനം 6<br>6th Phalguna 1936 | നമ്പർ<br>No. | 408 |

## കേരള സർക്കാർ

### തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 21/2015/തൊഴിൽ. *തിരുവനന്തപുരം, 2015 ഫെബ്രുവരി 21 / 1190 കുംഭം 9.*

**എസ്. ആർ. ഒ. നമ്പർ 102/2015.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അതിന്റെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം, സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2011 ജനുവരി 3-ാം തീയതിയിലെ 8-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 6/2011 ആയി പ്രസിദ്ധപ്പെടുത്തിയ 2011 ജനുവരി 3-ാം തീയതിയിലെ ജി. ഒ. (എംഎസ്.) 1/2011/തൊഴിൽ നമ്പർ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ചശേഷവും, കേരള സർക്കാർ, കേരള സംസ്ഥാനത്തെ കശുവണ്ടി

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/718/2015/S-20.

വ്യവസായത്തിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും 2015 മാർച്ച് 1-ാം തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതായി നിശ്ചയിക്കുകയും ചെയ്യുന്നു, അതായത്:—

പട്ടിക

1. പീസ് റേറ്റുകാരുടെ നിരക്ക്

(1) ഷെല്ലിംഗ് (തല്ല്/കട്ടിംഗ്) : പുറന്തോട് കളഞ്ഞെടുത്ത ഒരു കിലോ മുഴുവൻ പരിപ്പിന് 36.19 രൂപ

(2) പീലിംഗ് (തൊലിതെരുപ്പ്) : പുറന്തോട് കളഞ്ഞ് പരിപ്പ് തൊലി നീക്കിയെടുക്കുന്നതിന് ഒരു കിലോ മുഴുവൻ പരിപ്പിന് 46.03 രൂപ

(3) പീലിംഗ് (തല്ലുംപാടി) : തൊലി നീക്കി വേർതിരിച്ചെടുത്ത ഒരു കിലോ പരിപ്പിന് 31.63 രൂപ

2. ദിവസ ശമ്പളക്കാരുടെ കൂലി

| ക്രമ നമ്പർ | വിഭാഗം | അടിസ്ഥാന വേതനം (രൂപ) |
|---|---|---|
| 1 | ഗ്രേഡർ | 285 |
| 2 | കിൽൻ ഫില്ലർ | 291.75 |
| 3 | തൈക്കാട് (പൊടിയെടുപ്പ്, തൊലിപാറ്റ്, ചെളെടുപ്പ്, പരിപ്പ് ഉണക്കുന്നവരടക്കം) | 201.75 |
| 4 | തൈക്കാട് (ജനറൽ) | 312 |
| 5 | സൂപ്പർവൈസർ | 312 |
| 6 | പുകപ്പുരത്തൊഴിലാളി (കയറ്റിറക്ക്) | 345.75 |
| 7 | ഫയർമാൻ | 345.75 |
| 8 | സോർട്ടിംഗ് ആന്റ് പാക്കിംഗ് വർക്കർ | 312 |
| 9 | ഓയിൽ എക്സ്ട്രാക്ഷൻ/ഓയിൽ എക്സ്പെല്ലർ | 312 |
| 10 | ഡ്രൈവർ | 379.50 |
| 11 | ഫിറ്റർ | 379.50 |
| 12 | മെക്കാനിക് | 379.50 |
| 13 | ലാമ്പ് ചെക്കർ | 291.75 |

**3. ക്ഷാമബത്ത**

സംസ്ഥാന എക്കണോമിക്സും സ്റ്റാറ്റിസ്റ്റിക്സും വകുപ്പ് പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവില സൂചികയിൽ കൊല്ലം സെന്ററിനുവേണ്ടി പ്രസിദ്ധീകരിക്കുന്ന സൂചികയാണ് ക്ഷാമബത്ത കണക്കാക്കുന്നതിന് മാനദണ്ഡമായി സ്വീകരിക്കേണ്ടത്. കൊല്ലം സെന്ററിന്റെ കഴിഞ്ഞ 6 മാസത്തെ ഉപഭോക്തൃവില സൂചികയുടെ ശരാശരിയിൽ 21850 പോയിന്റിന് (1939=100) മുകളിൽ വരുന്ന ഓരോ അഞ്ച് പോയിന്റിനും മൂന്ന് പൈസ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്. ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയും ഒക്ടോബർ മുതൽ മാർച്ച് വരെയുമുള്ള ഓരോ ആറ് മാസത്തെയും ഉപഭോക്തൃവില സൂചികയുടെ ശരാശരി അടിസ്ഥാനത്തിൽ യഥാക്രമം ജനുവരി 1 മുതൽ ജൂൺ 30 വരെയും ജൂലൈ 1 മുതൽ ഡിസംബർ 31 വരെയുമുള്ള ക്ഷാമബത്ത ക്രമീകരിക്കേണ്ടതാണ്.

ക്ഷാമബത്ത നൽകുന്നതിന് മുൻകാലങ്ങളിൽ പിൻതുടർന്നുവരുന്ന രീതി അനുസരിച്ച്, ദിവസക്കൂലിക്കാർക്കും പീസ്റേറ്റ് ജോലിക്കാർക്കും ഒരു ദിവസത്തെ ജോലിക്ക് ഒരു ക്ഷാമബത്ത നൽകേണ്ടതാണ്.

ഏതെങ്കിലും ഫാക്ടറികളിൽ തൊഴിലാളികൾക്ക് ഇതിൽ പറയുന്ന കുറഞ്ഞ കൂലിയേക്കാൾ മെച്ചപ്പെട്ട കൂലി ഇപ്പോൾ നൽകിവരുന്നുണ്ടെങ്കിൽ അവർക്ക് അത് തുടർന്നും ലഭിക്കുവാനുള്ള അർഹതയുണ്ടായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി നിരക്കുകൾ 2011 ജനുവരി 3-ാം തീയതിയിലെ 8-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 6/2011 ആയി പ്രസിദ്ധപ്പെടുത്തിയ 2011 ജനുവരി 3-ാം തീയതിയിലെ ജി. ഒ. (എംഎസ്.) 1/2011/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. പ്രസ്തുത വ്യവസായത്തിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനായി രൂപീകരിക്കപ്പെട്ട മിനിമം വേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലിനിരക്കുകൾ പുതുക്കി നിശ്ചയിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G. O. (P) No. 21/2015/LBR. *Dated, Thiruvananthapuram, 21st February, 2015*
*9th Kumbham, 1190.*

**S. R. O. No. 102/2015.**—In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G.O. (Ms.) No. 1/2011/LBR dated 3rd January, 2011 and published as S. R.O. No. 6/2011 in the Kerala Gazette Extraordinary No. 8 dated 3rd January, 2011, the Government of Kerala, after considering the advice of the Committee appointed under clause (a) of sub-section (1) of section 5 of the said Act, hereby revise the minimum rates of wages payable to the employees in the Cashew Industry in the State of Kerala as specified in the Schedule annexed hereto and the said rates shall come into force with effect from the first day of March, 2015, namely:—

SCHEDULE

**1. Wages of piece rated workers**

| | | |
|---|---|---|
| (1) Shelling/Cutting | : | ₹ 36.19 for one kilogram shell removed full nut. |
| (2) Peeling (Shell removed) | : | ₹ 46.03 for one kilogram full nut for peeling the outer layer of they shell removed nut. |
| (3) Peeling (Broken piece) | : | ₹ 31.63 for one kilogram nut sorted after peeling. |

**2. Wages of daily rated workers**

| *Sl. No.* | *Category* | *Basic Wages (₹)* |
|---|---|---|
| 1 | Grader | 285 |
| 2 | Tin filler | 291.75 |
| 3 | Manual Labour (Maicadu) (Separate tiny particle, peeling winnow, damage removal and nut sorting) | 291.75 |
| 4 | Maicadu (General) | 312 |
| 5 | Stencillor | 312 |
| 6 | Headload worker (Loading and Unloading) | 345.75 |
| 7 | Fireman | 345.75 |
| 8 | Soaking and Sizing worker | 312 |
| 9 | Oil Extractor/(Oil Expeller) | 312 |
| 10 | Carpenter | 379.50 |
| 11 | Blacksmith | 379.50 |
| 12 | Machanic | 379.50 |
| 13 | Lap Checker | 291.75 |

**3. Dearness Allowance**

Among the Consumer Price Index published by the Director of Economics and Statistics, Kerala, the Index published for Kollam Centre shall be reckoned as the criteria for the purpose of calculating the Dearness Allowance. The Dearness Allowance shall be given at the rate of 3 paise per 5 point in excess of 21850 points (1939=100) on the average of the Consumer Price Index of the last six months at Kollam District. The Dearness Allowance of 1st January to 30th June and 1st July to 31st December shall be reckoned on the basis of the Consumer Price Index of every six months of April to September and October to March respectively.

Daily rated workers and piece rated workers shall be paid one Dearness Allowance for one day's work as per the practice followed earlier for the payment of Dearness Allowance.

If the employees at any factory at present are being paid better wages than the minimum wages mentioned in this, such employees shall be eligible to continue to receive the same.

By order of the Governor,

Tom Jose,

*Principal Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport)

As per notification issued under G.O. (Ms.) No. 1/2011/LBR dated 3rd January, 2011 and published as S.R.O. No. 6/2011 in the Kerala Gazette Extraordinary No. 8 dated 3rd January, 2011, Government have revised the minimum rates of wages to the employees in Cashew Industry. Considering the report of the Committee appointed to fix the revised rates of wages to the employees of the said industry, Government have decided to revise the Minimum rates of wages to the employees in the Cashew Industry.

This notification is intended to achieve the above object.